# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

## അടിയന്തിര ചോദ്യം

## 01.04.2013 - ൽ മറുപടിയ്ക്കുള്ളത്

## പി.എസ്.സി. നടത്തിയ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിലെ പിഴവുകൾ

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. ഹൈബി ഈഡൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി | |
| (എ) | പി.എസ്.സി. നടത്തിയ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുക്കാൻ അന്യ സംസ്ഥാനങ്ങളിലും, വിദേശരാജ്യങ്ങളിലും ജോലി ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് മതിയായ സമയം ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവർക്കു വീണ്ടും മതിയായ ഒരവസരം കൂടി നൽകുമോ; വിശദമാക്കുമോ; | (എ) | പത്ര വാർത്ത ശ്രദ്ധയിൽവന്നിട്ട് ഉണ്ട്. ഇതു സംബന്ധമായി പരാതി ഒന്നും ലഭിച്ചിട്ടില്ല. നിയമാനുസൃതമായി അവസരം എല്ലാ ഉദ്യോഗാർത്ഥികൾക്കും നൽകുന്നതാണ്. ഈ കാര്യങ്ങൾ കമ്മീഷന്റെ ചട്ടങ്ങളിലും നടപടി ക്രമങ്ങളിലും വിശദീകരിച്ചിട്ടുണ്ട്. |
| (ബി) | സാദ്ധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചു നാലാം ദിവസം മുതൽ സർട്ടിഫിക്കറ്റ് പരിശോധന ആരംഭിച്ചതിനാൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം ലഭിക്കാതെ ആയത് ഹാജരാക്കുവാൻ സാധിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് ഒരവസരം കൂടി നൽകുമോ; | (ബി) | ഗവൺമെന്റ് സെക്രട്ടേറിയറ്റ്/ പി.എസ്.സി/ലോക്കൽ ഫണ്ട് ആഡിറ്റ് തുടങ്ങിയ വകുപ്പുകളിൽ അസിസ്റ്റന്റ്/ആഡിറ്റർ തസ്തികയുടെ സർട്ടിഫിക്കറ്റ് പരിശോധന 23.03.13, 25.03.13, 26.03.13 തീയതികളിൽ നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചു. ഈ ദിവസങ്ങളിൽ പ്രമാണ പരിശോധനയ്ക്കായി ഹാജരാകാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്കും, ഏതെങ്കിലും പ്രമാണങ്ങൾ ഹാജരാക്കാൻ സമയം ആവശ്യപ്പെട്ടവർക്കും ആയതിന് ഏപ്രിൽ രണ്ടാം തീയതി വരെ സമയം അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അന്തിമ ഉത്തര സൂചികയിലെ രണ്ടുത്തരങ്ങൾ തെറ്റാണെന്ന ആരോപണം അന്വേഷിച്ച് തുടർ നടപടി സ്വീകരിക്കുമോ ; | (സി) | തുടർ നടപടികൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്. കമ്മീഷന്റെ ചട്ടങ്ങൾ അനുസരിച്ച് വിദഗ്ദ്ധ സമിതി പരിശോധിച്ച് നൽകുന്ന നിർദ്ദേശം സ്വീകരിക്കുകയാണ് പതിവ്. ആ പതിവ് ഈ തസ്തികയ്ക്കും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പല കാരണങ്ങളാൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുക്കാൻ കഴിയാതെ പോയ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. യുടെ ജില്ലാ/മേഖല ഓഫീസുകളിൽ വച്ച് വീണ്ടും വെരിഫിക്കേഷന് അവസരം നൽകുമോ ; | (ഡി) | സംസ്ഥാനതല തിരഞ്ഞെടുപ്പുകളുടെ പ്രമാണ പരിശോധനയും അനന്തര നടപടികളും നിലവിലുള്ള ചട്ട പ്രകാരം കേന്ദ്ര ഓഫീസിൽ വച്ചാണ് പൂർത്തീകരിക്കേണ്ടത്. അതുകൊണ്ട് ഇക്കാര്യം പരിഗണിക്കുവാൻ നിർവാഹമില്ല. എങ്കിലും മാനുഷിക പരിഗണന വച്ച്, യാത്ര ചെയ്യുവാൻ അസൗകര്യമുള്ള രണ്ട് ഗർഭിണികളെ പാലക്കാടും ആലപ്പുഴയും പി.എസ്.സി. ഉദ്യോഗസ്ഥർ നേരിട്ട് ചെന്ന് പ്രമാണ പരിശോധന നടത്തി. |
| (ഇ) | പ്രസ്തുത പരീക്ഷ എഴുതുന്നതിനായി ഹാജരാക്കേണ്ട തിരിച്ചറിയൽ രേഖയിൽ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് എംബ്ലം പതിഞ്ഞിട്ടുണ്ടെങ്കിലും കൃത്യത/ വ്യക്തത ഇല്ല എന്ന കാരണം പറഞ്ഞ് ആയിരത്തിലധികം പേരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കിയ നടപടി പുനഃപരിശോധിക്കുമോ ? | (ഇ) | OMR പരീക്ഷയിൽ പങ്കെടുത്ത രണ്ടേമുക്കാൽ ലക്ഷത്തിൽപരം ഉദ്യോഗാർത്ഥികളിൽ 1140 പേരുടെ ഉത്തരക്കടലാസ് പി.എസ്.സി. യുടെ Emblem, Barcode എന്നിവ ഹാൾടിക്കറ്റിൽ ഇല്ല എന്ന കാരണത്താൽ അസാധു ആക്കിയിട്ടുണ്ട്. പി.എസ്.സി. യുടെ Emblem, Barcode എന്നിവ കൃത്യമായും വ്യക്തമായും പതിഞ്ഞിരിക്കണം എന്ന നിബന്ധന പരീക്ഷാനടത്തിപ്പിന്റെ കൃത്യതയ്ക്കും സൂഷ്മതയ്ക്കും അനിവാര്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഇളവ് അനുവദിക്കാൻ നിർവാഹമില്ല. ഇക്കാര്യം ഓരോ ഉദ്യോഗാർത്ഥിയേയും അഡ്മിഷൻ ടിക്കറ്റിലൂടെ വ്യക്തമായി അറിയിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ